LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന വിവിധ കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങളെ കോടതി ഉത്തരവിൻപടി നിയമ നടപടികൾ പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുനൽകിവരുന്നതും പെറ്റി കേസുകളിലും മറ്റുമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ വാഹന ഉടമകൾക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ സർക്കുലർ നമ്പർ 7/2017 തീയതി, 31-1-2017 പ്രകാരം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അവകാശികളില്ലാത്ത വാഹനങ്ങൾ നിയമ നടപടികൾ സ്വീകരിച്ച് നിയമാനുസരണം ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടി വരുന്നതുമാണ്.

(സി) ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാരിനുവേണ്ടി ഹാജരാകാൻ പുറത്തുനിന്നുള്ള അഭിഭാഷകർ**

129 (5793) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനായി കേസുകൾ വാദിക്കാൻ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെ നൂറ്റി ഇരുപതോളം അഭിഭാഷകർ ഹൈക്കോടതിയിലുണ്ടോ;

(ബി) എന്നിട്ടും പല കേസുകളിലും സർക്കാരിനുവേണ്ടി ഹാജരാകാൻ ഹൈക്കോടതിക്ക് പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരുന്ന സാഹചര്യമുണ്ടോ;

(സി) ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഭീമമായ തുക ഈ അഭിഭാഷകർക്ക് വേണ്ടി ഫീസ് ഇനത്തിൽ നൽകേണ്ടതായി വരുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരാകാൻ പുറത്തുനിന്ന് ഏതൊക്കെ അഭിഭാഷകരെ കൊണ്ടുവന്നിട്ടുണ്ട്;

(ഇ) എങ്കിൽ ഇത് ഏതൊക്കെ കേസുകളിലായിരുന്നുവെന്നും ഈ ഓരോ അഭിഭാഷകർക്കും ഫീസിനത്തിൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

(ഡി)

1. ഹരിൺ. പി. റാവൽ
2. രഞ്ജിത്ത് കുമാർ
3. എൻ. വെങ്കിട്ടരാമൻ
4. ജയ്ദീപ് ഗുപ്ത
5. അമരേന്ദ്ര ശരൺ
6. രാകേഷ് ദ്വിവേദി
7. സൻസ്യതി പതക്
8. പല്ലവ് ഷിസോദിയ
9. അമിത് ആനന്ദ് തിവാരി

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതിന്മേൽ വിജിലൻസ് അന്വേഷണം**

130 (5794) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലെ വെളിയം ഗ്രാമപഞ്ചായത്തിലെ മാലയിൽ മലപ്പത്തൂരിൽ നന്ദാവനം എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ റബ്ബർ കൃഷി നടത്താനെന്ന വ്യാജേന നൂറ്റി അൻപത് ഏക്കറോളം സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതായി കൊല്ലം വിജിലൻസ് കണ്ടെത്തിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?